


# പ്രലോഭനങ്ങളെ അതിജീവിക്കാൻ

ലൂക്കാ 4: 1 – 13; ഹെബ്രായ 2: 10 – 18; പുറ. 24: 12 – 18; പ്രഭാ. 2: 1 – 11

ബ്ര. ലിനു മഞ്ഞനാൽ MCBS

Vol. 12, Issue: 39

**മി**ശിഹായിൽ സ്നേഹം നിറഞ്ഞവരേ,

മിശിഹായുടെ മനുഷ്യാവതാരം – സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്കുള്ള കടന്നുവരവും പരസ്യ ജീവിതത്തിന്റെ അവസാനഘട്ടത്തിലെ പീഡാസഹന മരണോത്ഥാന സംഭവങ്ങൾ – സ്വർഗത്തിലേക്കുള്ള അവിടുത്തെ കടന്നുപോകലും ആയിരുന്നു. ഈ പെസഹാരഹസ്യത്തിന്റെ ആഘോഷത്തിന് ഒരുക്കമായുള്ള പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പശ്ചാത്താപത്തിന്റെയും വലിയ നോമ്പിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്.

ഇന്നത്തെ സുവിശേഷവായനയായ വി. ലൂക്കായുടെ സുവിശേഷം നാലാം അദ്ധ്യായം ഒന്നു മുതൽ 13 വരെയുള്ള തിരുവചനങ്ങളിൽ നാം ഇപ്രകാരം കാണുന്നു: ഈശോതമ്പുരാൻ നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു പ്രാർത്ഥിക്കുമ്പോൾ മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെടുകയും എന്നാൽ പിശാചിന്റെ തന്ത്രങ്ങളെ അതിജീവിച്ചുകൊണ്ട് താൻ ദൈവപുത്രനാണ് എന്ന് അവിടുന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നു. പ്രിയപ്പെട്ടവരേ, ഇത് ഇസ്രായേൽ ജനവും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് കൂടുതൽ മനസിലാക്കാം.

ആദ്യത്തെ പ്രലോഭനം മൂന്നാം വാക്യത്തിൽ കാണുന്നതു പോലെ, കല്ല് അപ്പമാക്കാനുള്ള പ്രലോഭനം. നാൽപതു ദിവസത്തെ ഉപവാസം യേശുവിന് വിശപ്പുണ്ടാക്കി. അപ്പോൾ പിശാച് പറയുകയാണ് കല്ല് അപ്പമാക്കി ഭക്ഷിക്കുക. യേശുവിന് വിശന്നതുപോലെ ഇസ്രായേൽ ജനത്തിനും വിശക്കുന്നുണ്ട്. അവർ ദൈവമുമ്പാകെ നിലവിളിക്കുന്നുണ്ട്. വീണ്ടും അവരുടെ ചിന്താഗതി വ്യക്തമാകുന്ന സംഭവം പുറപ്പാട് പുസ്തകം 16-ാം അദ്ധ്യായം മൂന്നാം തിരുവചനത്തിൽ കാണുന്നുണ്ട്. ഈജിപ്തിൽ ഇറച്ചിപ്പാത്രത്തിനരികിൽ മതിയാവോളം അപ്പം തിന്നുകൊണ്ടിരുന്നപ്പോൾ, കർത്താവിന്റെ കരത്താൽ കൊല്ലപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. എന്നാൽ സമൂഹം മുഴുവനെയും പട്ടിണിക്കിട്ട് കൊല്ലാനായി ഞങ്ങളെ ഈ മരുഭൂമിയിലേക്ക് നിങ്ങൾ കൊണ്ടുവന്നിരിക്കുന്നു. വി. അംബ്രോസ് ഇപ്രകാരം വ്യക്തമാക്കുന്നു: "ആദം ആഹാരം വഴിയാണ് വശീകരിക്കപ്പെട്ടത്." അതുപോലെ തന്നെ അലക്സാണ്ട്രിയായിലെ വി. സിറിൾ ഇപ്രകാരം പറയുന്നു: "ഭക്ഷണം വഴി ആദത്തിൽ നമ്മൾ പരാജിതരായി. വർജ്ജനം വഴി മിശിഹായിൽ നമ്മൾ വിജയം നേടി."

ഇസ്രായേൽ ജനത്തിന് ദൈവം ആവോളം മന്ന നൽകി അനുഗ്രഹിച്ചു. എന്നാൽ മോശ പറഞ്ഞുകൊടുക്കുന്നുണ്ട്, മനുഷ്യൻ അപ്പം കൊ

ണ്ടു മാത്രമല്ല; കർത്താവിന്റെ നാവിൽ നിന്നു പുറപ്പെടുന്ന വചനം കൊണ്ടു കൂടിയാണ് ജീവിക്കുന്നത്. ഇന്നത്തെ ഒന്നാമത്തെ വായനയായ പുറപ്പാട് പുസ്തകം 24-ാം അദ്ധ്യായം 12 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ, ഉടമ്പടി വ്യവസ്ഥകളായ നിയമങ്ങളും കൽപനകളും ദൈവത്തിൽ നിന്ന് സ്വീകരിക്കുന്നതിന്റെ ഒരുക്കമായി മോശ നാൽപതു രാവും നാൽപതു പകലുമാണ് ദൈവത്തോടൊത്ത് ദിവസങ്ങൾ ചെലവഴിച്ചത്.

രണ്ടാമത്, പിശാച് യേശുവിനെ ഒരു വലിയ മലയിലേക്ക് കൂട്ടിക്കൊണ്ടു പോയി. അവിടെ നിന്ന് സകല രാജ്യങ്ങളും ക്ഷണനേരം കൊണ്ട് കാണിച്ചുകൊടുക്കുന്നു. വീണ്ടും പിശാച് പറയുകയാണ്, ഇവയുടെ മേൽ എല്ലാ അധികാരവും മഹത്വവും നിനക്ക് ഞാൻ തരാം. ഇതെല്ലാം എനിക്ക് നൽകപ്പെട്ടിരിക്കുന്നു. എനിക്ക് ഇഷ്ടമുള്ളവർക്ക് ഞാൻ അതു കൊടുക്കുന്നു. നീ എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിന്റേതാകും. യേശു മറുപടി പറഞ്ഞു: നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവനെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു. പിശാചിനെ ആരാധിച്ചാൽ സകല അധികാരവും കൊടുക്കാമെന്ന് പറഞ്ഞപ്പോൾ ഈശോ പറഞ്ഞു: ദൈവത്തെ മാത്രമേ ആരാധിക്കാവൂ. കർത്താവിന്റെ വചനം പറഞ്ഞുകൊണ്ട് ദൈവപുത്രസ്ഥാനത്ത് യേശു ഉറച്ചുനിന്നപ്പോൾ ഇസ്രായേൽ ജനം ദൈവത്തിന്റെ കൽപന മറന്ന് കാളക്കുട്ടിയെ ആരാധിക്കുന്നു. അതുവഴി ദൈവപുത്രസ്ഥാനം നഷ്ടപ്പെടുത്തുകയാണ് അവർ ചെയ്തത്.

പ്രിയപ്പെട്ടവരേ, കർത്താവിനോട് ചേർന്നു നിൽക്കുകയും അവിടുന്നിൽ ആശ്രയിക്കുകയും ചെയ്താൽ നമ്മുടെ പ്രവർത്തനങ്ങളിൽ നാം വിജ്ഞാനികളാകുമെന്ന് രണ്ടാമത്തെ വായനയിലൂടെ പ്രഭാഷകൻ നമ്മെ അനുസ്മരിപ്പിക്കുന്നു.

മൂന്നാമത്തെ പരീക്ഷണം ദേവാലയഗോപുരത്തിന്റെ ശൃംഖത്തിൽ നിന്ന് താഴേക്കു ചാടുക എന്നതായിരുന്നു. പിശാച് പറയുകയാണ്, നിനക്ക് ഒരു ആപത്തും വരാതെ ദൂതന്മാർ താങ്ങിക്കൊള്ളും. ഈശോ പറഞ്ഞു: നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും പറയപ്പെട്ടിരിക്കുന്നു. പ്രിയപ്പെട്ടവരേ, നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്ന് പറഞ്ഞുകൊണ്ട് ആ പരീക്ഷയെയും പ്രലോഭനത്തെയും ഈശോ അതിജീവിക്കുന്നു. മനുഷ്യരായ നമ്മുടെ മാംസത്തിലും രക്തത്തിലും അവിടുന്ന് ഭാഗഭാക്കായത്, മനുഷ്യന്റെ അനുഭവങ്ങളിൽ പങ്കുചേർന്നു കൊണ്ട് നമ്മെ രക്ഷിക്കാനായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ മേൽ അധികാരം പുലർത്തിയിരുന്ന പിശാചിനെ പരാജയപ്പെടുത്തിക്കൊണ്ടാണ് അവിടുന്ന് ഈ രക്ഷ സാധിച്ചത് എന്ന് ഇന്നത്തെ ലേഖനവായനയിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു.

നമ്മുടെ ജീവിതത്തിൽ പരീക്ഷണങ്ങളുണ്ടാവാം, പ്രലോഭനങ്ങളുണ്ടാവാം. ഭക്ഷണത്തിന്റെ, സമ്പത്തിന്റെ, സ്ഥാനമാനങ്ങളുടെയൊക്കെ പ്രലോഭനങ്ങൾ ജീവിതത്തിലുണ്ടാകാം. എന്നാൽ അതിനെ അതിജീവിക്കാൻ നമുക്ക് സാധിക്കും. 13-ാം വാക്യത്തിൽ നാം ഇപ്രകാരം കാണുന്നു: പിശാച് പരീക്ഷണങ്ങളെല്ലാം അവസാനിപ്പിച്ച് നിശ്ചിതകാലത്തേക്ക് അവനെ വിട്ടുപോയി. അതായത്, തുടരെത്തുടരെ ഈശോയ്ക്ക് ഈ പരീക്ഷണങ്ങളുണ്ടായിരുന്നു. യേശു അതിനെയെല്ലാം അതിജീവിച്ചു. നമ്മുടെയൊക്കെ ജീവിതത്തിലും പിശാചിന്റെ പരീക്ഷണങ്ങളുണ്ടാവാം. അതിനെയെല്ലാം വചനത്തിന്റെയും പ്രാർത്ഥനകളുടെയും കൂദാശകളുടെയും ശക്തിയാൽ അതിജീവിക്കാൻ സാധിക്കണം. യാക്കോബിന്റെ ലേഖനം നാലാം അദ്ധ്യായം ഏഴും എട്ടും വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ''ആകയാൽ, ദൈവത്തിനു വിധേയരാകുവിൻ. പിശാചിനെ ചെറുത്തു നിൽക്കുവിൻ. അപ്പോൾ അവൻ നിങ്ങളിൽ നിന്ന് ഓടിയകന്നുകൊള്ളും.''

എട്ടാം വാക്യം, ദൈവത്തോട് ചേർന്നുനിൽക്കുവിൻ. അവൻ നിങ്ങളോടും ചേർന്നുനിൽക്കും. പ്രിയപ്പെട്ടവരേ, പിശാചിനെ ചെറുത്തുതോൽപ്പിക്കാനുള്ള ശക്തി നമുക്ക് യാചിക്കാം. ദൈവം നമ്മെ ബലപ്പെടുത്തും. ഇസ്രായേൽ ജനത്തെപ്പോലെ നാം പരാജയപ്പെട്ടു പോകാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. അതോടൊപ്പം കുരിശിന്റെ വഴി നടത്തിയും പ്രാർത്ഥിച്ചും കൂദാശകളിൽ പങ്കുകൊണ്ടും നല്ല കുമ്പസാരം നടത്തിയും പ്രായശ്ചിത്തങ്ങൾ ചെയ്തും ത്യാഗപ്രവർത്തികൾ വഴിയും പാവങ്ങളെ സഹായിച്ചും ഈ നോമ്പുകാലം നമുക്ക് ആത്മീയ ഉണർവ്വിനുള്ള അവസരമാക്കാം.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.